Deepika 03-02-19, pg-03

# ഷാജി അഗസ്റ്റിൻ മണ്ണിൽ വിരിയിച്ച പൂക്കൾ!

**സ്വന്തം ലേഖകൻ**

**കോട്ടയം:** കഠിനാധ്വാനം കൊണ്ടു മണ്ണിൽ സന്തോഷപ്പൂക്കൾ വിരിയിച്ച കർഷനാണ് ദീപിക കർഷക പ്രതിഭ അവാർഡ് നേടിയ ഷാജി അഗസ്റ്റിൻ. ഇടുക്കി രാജാക്കാട്ട് രാജകുമാരിയിലെ മൂന്നര ഏക്കറിൽ ഒറ്റയ്ക്കു കുഴിയെടുത്ത് ഏലംനട്ട കഠിനാധ്വാനശീലം ഷാജി അഗസ്റ്റിൻ ഇതുവരെ ഉപേക്ഷിച്ചിട്ടില്ല. തേനീച്ചകൾ കൂടുപേക്ഷിക്കുന്നതു നിത്യസംഭവമായപ്പോൾ തേനീച്ചകൾക്കു സ്വന്തമായി രൂപകല്പന ചെയ്ത മൺകൂടൊരുക്കി.

വർഷം ഏഴു മുതൽ 10 വരെ കിലോഗ്രാം തേൻ ഉത്പാദിപ്പിക്കാൻ സാധിക്കുന്ന തരത്തിലാണ് രൂപകല്പന. ഇത്തരത്തിൽ തടിയിൽ നിർമിച്ച മറ്റൊരു തേനീച്ചക്കൂടും രൂപകല്പന ചെയ്തിട്ടുണ്ട്. മനോഹരമായി സംവിധാനംചെയ്ത തോട്ടത്തിൽ ഏലവും കുരുമുളകുമാണ് പ്രധാന കൃഷി. മൂന്നു പ്രകൃതിദത്ത കുളങ്ങളിലും ഒരു പടുതാക്കുളത്തിലും മത്സ്യം വളർത്തുന്നു. വീട്ടിൽ വളർത്തുന്ന നാടൻ പശുക്കളുടെ ചാണകവും മൂത്രവുമാണു കൃഷിയിലെ പ്രധാന ചേരുവ.

## പതിനേഴ് വർഷം മുമ്പ്

പതിനേഴ് വർഷം മുമ്പാണ് ഇടുക്കി രാജാക്കാട് രാജകുമാരിയിലെ ഈഴക്കുന്നേൽ കുടുംബവീട്ടിലേക്കു ഷാജി താമസം മാറുന്നത്. കായികാധ്യാപകനായും സഹകരണ ബാങ്ക് സെക്രട്ടറിയായും ജോലിചെയ്ത ഷാജി അഗസ്റ്റിൻ അതെല്ലാമുപേക്ഷിച്ചായിരുന്നു കൃഷിയിൽ ഫുൾടൈമറായത്. ആദായമില്ലാതിരുന്ന ഈ പുരയിടം ആദായകരമാക്കാൻ പച്ചവെള്ളവും പഴവും കഴിച്ചു കുഴികുത്തി. ഒരു ദിവസം ശരാശരി ആറു കുഴികൾ വരെയെടുത്തു. ഈ കുഴികളിൽ ഏലചിമ്പുകൾ നട്ടു. ഇടവിളയായും തനിവിളയായും കുരുമുളകിനെയും കൂടെചേർത്തു. ഒപ്പം പുരയിടത്തിലുണ്ടായിരുന്ന കാപ്പിയെയും പരിപാലിച്ചു.

ഇന്നു ലക്ഷങ്ങൾ വരുമാനമുള്ള പുരയിടമായി ഇതുമാറിയതിനു പിന്നിൽ ഷാജി ഒഴുക്കിയ വിയർപ്പിന്റെ പങ്ക് ചെറുതല്ല. അധികം കഷ്ടപ്പെടാതെ തന്നെ ഇന്നു ജീവിതം മുന്നോട്ടു നീക്കാമെങ്കിലും താൻ പഠിച്ച കഠിനാധ്വാനത്തിന്റെ പാഠങ്ങൾ മറക്കാൻ തയാറല്ല ഇദ്ദേഹം.



ഷാജി അഗസ്റ്റിൻ കുരുമുളക് തോട്ടത്തിൽ.

## തോട്ടത്തിലെ ജൈവകൃഷി

മൂന്നു വർഷമായി തന്റെ തോട്ടം ജൈവകൃഷിയിടമാക്കി മാറ്റാനുള്ള പരിശ്രമത്തിലാണിദ്ദേഹം. പലേക്കറിന്റെ സീറോ ബജറ്റ് കൃഷിരീതികളാണ് ഇദ്ദേഹം അനുവർത്തിക്കുന്നത്. രാസവളപ്രയോഗം സാവധാനം നിർത്തി മണ്ണിന്റെ ഘടനമാറ്റി സീറോ ബജറ്റ് കൃഷിയിലേക്കു തോട്ടത്തെ മാറ്റുകയാണിദ്ദേഹം.

വർഷം ആയിരം കിലോഗ്രാം ഏലവും 500 കിലോഗ്രാം കാപ്പിയും 500 കിലോ കുരുമുളകും തോട്ടത്തിൽനിന്നു ലഭിക്കുന്നു. മാസത്തിൽ ഒരു ദിവസം മറ്റേതെങ്കിലുമൊരു തോട്ടം സന്ദർശിച്ചു കൃഷിരീതികൾ മനസിലാക്കാനും ഇദ്ദേഹം സമയം കണ്ടെത്തുന്നു.

## ഏലത്തോട്ടത്തിലെ മീൻ

തോട്ടത്തിനു നടുവിലെ മൂന്നു കുളങ്ങളിലും പുതുതായി സ്ഥാപിച്ച പടുതാക്കുളത്തിലും മീൻ വളർത്തുന്നു. അനാബസ്, ഗിഫ്റ്റ് തിലാപ്പിയ, ഗൗരാമി എന്നിവയാണ് പ്രധാന ഇനങ്ങൾ. തോട്ടത്തിന്റെ ഒരു ഭാഗത്തു പഴവർഗങ്ങളുടെ തോട്ടം ക്രമീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം കൃഷിചെയ്ത പാഷൻഫ്രൂട്ട് 500 കിലോഗ്രാം വിളഞ്ഞു. കാസർഗോഡ് കുള്ളൻ, വെച്ചൂർ എന്നീ ഇനങ്ങളിലെ രണ്ട് പശുക്കൾ, ആട്, മുട്ടക്കോഴി എന്നിവയെയും വളർത്തുന്നു.

ഇറച്ചിക്കോഴി കുഞ്ഞിനെ വാങ്ങി വാഴപ്പിണ്ടി പ്രധാന തീറ്റയായി നൽകി വളർത്തുന്നു. കോഴിയിൽ കൃത്രിമ മരുന്നിന്റെയോ മറ്റോ ദോഷമുണ്ടെങ്കിൽ ഇവയെ നിർവീര്യമാക്കാൻ പിണ്ടി സഹായിക്കുമെന്നാണു ഷാജിയുടെ അഭിപ്രായം. മുട്ടക്കോഴികളെ പ്രത്യേകം മുറിയിൽ വളർത്തുന്നു. വിവിധയിനം പച്ചക്കറികളും ഷാജി ഉത്പാദിപ്പിക്കുന്നു. പഴങ്ങൾ മാത്രമാണ് ഷാജിയുടെ ഭക്ഷണം.

ഇടുക്കി രൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ മികച്ച കർഷകനുള്ള മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അവാർഡും ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. ഭാര്യ സാലിയും (പോസ്റ്റോഫീസ്, രാജകുമാരി) മക്കളായ എലിസബത്തും ( എംഎസ് സി കെമിസ്ട്രി വിദ്യാർഥി, അൽഫോൻസാ കോളജ്, പാലാ) ആഗ്നസും(എട്ടാം ക്ലാസ് വിദ്യാർഥി, സെന്റ് സേവ്യേഴ്സ് എച്ച്എസ്എസ്, ചെമ്മണ്ണൂർ, അഗസ്റ്റീനയും (അഞ്ചാംക്ലാസ് വിദ്യാർഥി, ഹോളിക്വീൻസ് യുപിഎസ്, രാജകുമാരി) ഷാജിക്കൊപ്പം കൃഷിയിൽ വ്യാപൃതരാണ്. ഫോൺ: ഷാജി അഗസ്റ്റിൻ- 94475 363 49.